BSNLEU

# BSNL EMPLOYEES UNION

(Regd. under Indian Trade Union Act 1926. Regn. No. 4896)

KERALA CIRCLE

P&T House, Thiruvananthapuram 695001.

സർക്കുലർ:47/2018-20 29-06-2019

To

ജില്ലാസെക്രട്ടറിമാർ/സംസ്ഥാന ഭാരവാഹികൾ.

സഖാവെ,

## കേരളവും നഷ്ടത്തിലേക്ക്

കേരളത്തിലും 2018-19 സാമ്പത്തിക വർഷം ബി.എസ്.എൻ.എൽ. നഷ്ടത്തിലായി. 2017-18 സാമ്പത്തിക വർഷത്തിൽ കേരളാ സർക്കിളിന്റെ വരുമാനം 2641 കോടിയും, ചിലവ് 2268 കോടിയും ആയിരുന്നു. ലാഭം 373 കോടി. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ വരുമാനം 1945 കോടിയായും, ചിലവ് 2205 കോടിയായും കുറഞ്ഞു. നഷ്ടം 260 കോടി. ചിലവ് ഇനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 63 കോടി കുറവുണ്ടായിട്ടുകൂടി നഷ്ടം രേഖപ്പെടുത്തിയത് വരുമാനത്തിലുണ്ടായ ഗണ്യമായ ഇടിവാണ്.

| വർഷം | 2018-19 | | 2017-18 | |
|---|---|---|---|---|
| വരുമാനം (കോടിയിൽ) | 1945.71 | | 2641.86 | |
| ചിലവ് | 2205.86 | | 2268.43 | |
| ലാഭം/നഷ്ടം | 260.15 | (നഷ്ടം) | 373.43 | (ലാഭം) |

ജീവനക്കാരുടെ ശമ്പള ഇനത്തിൽ 2017-18 വർഷത്തിൽ 949 കോടി ചിലവായെങ്കിൽ 2018-19 വർഷത്തിൽ ചിലവ് 933 കോടി രൂപയായി കുറഞ്ഞു.

### സർക്കിൾ സെക്രട്ടറിയേറ്റ് യോഗം

ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയന്റെ സർക്കിൾ സെക്രട്ടറിയേറ്റ് യോഗം 22-6-2019 ന് പ്രസിഡന്റ്സ. പി.മനോഹരന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്നു. അഖിലേന്ത്യാ അസി.ജനറൽ സെക്രട്ടറി സ.എം.വിജയകുമാർ, അഖിലേന്ത്യാ ഓർഗനൈസിംഗ് സെക്രട്ടറി സ:പി.ആർ.പരമേശ്വരൻ എന്നിവർ പങ്കെടുത്തു. സർക്കിൾ സെക്രട്ടറി വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. യഥാസമയം ശമ്പളം നൽകാത്തതിലും, തൊഴിലാളികളെ വ്യാപകമായി പിരിച്ചുവിടുന്ന നിലപാടിലും പ്രതിഷേധിച്ച്, ബി.എസ്.എൻ.എൽ.സി.സി.എൽ.യു. നടത്തുന്ന പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

2. പരമാവധി കരാർ തൊഴിലാളികളെ നിലനിറുത്തുന്നതിന് എസ്.എസ്.എ. തലത്തിൽ ശക്തമായി ഇടപെടണം.

3. ദൈനംദിന അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിന് ജീവനക്കാരിൽ നിന്നും പണം കണ്ടെത്താനുള്ള മലപ്പുറം എസ്.എസ്.എ.യുടെ നിർദ്ദേശം തൽക്കാലം അംഗീകരിക്കേണ്ടതില്ല.

4. മഹിളാ സബ്കമ്മിറ്റി തീരുമാനങ്ങൾ വിജയിപ്പിക്കുന്നതിന് ജില്ലാസെക്രട്ടറിമാർ കൂടി മുൻകൈയെടുക്കണം.

5. വിപുലീകൃത പ്രവർത്തകസമിതിയിൽ പങ്കെടുക്കുന്ന ജില്ലാസെക്രട്ടറി/പ്രതിനിധിയുടെ വിശദവിവരം നൽകണം.

**മഹിളാ സബ് കമ്മിറ്റിയോഗം:**

മഹിളാ സബ്കമ്മിറ്റിയോഗം 22-6-2019 ന് തിരുവനന്തപുരത്ത് ചേർന്നു. സ. കെ.എൻ.ജ്യോതിലക്ഷ്മി അദ്ധ്യക്ഷത വഹിച്ചു. കൺവീനർ സ.വി.ഭാഗ്യലക്ഷ്മി ഏപ്രിലിൽ ഡൽഹിയിൽ ചേർന്ന BSNL WWCC തീരുമാനങ്ങളും, വനിതാ ജീവനക്കാർ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദമായി സംസാരിച്ചു. അഖിലേന്ത്യാ ഭാരവാഹികളായ സ.എം.വിജയകുമാർ, സ.പി.ആർ.പരമേശ്വരൻ, സർക്കിൾ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ യോഗത്തിൽ പങ്കെടുത്ത് ബി.എസ്.എൻ.എൽ. ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും റഫറണ്ടത്തിന്റെ പ്രാധാന്യവും വിശദീകരിച്ചു.

1. എല്ലാ ജില്ലകളിലും വനിതാ ജീവനക്കാരുടെ കൺവെൻഷൻ വിളിച്ചുചേർക്കണം.

2. വനിതാ ജീവനക്കാരുടെ സ്ക്വാഡുകൾ രൂപീകരിച്ച് മുഴുവൻ വനിതാ ജീവനക്കാരെയും നേരിൽകണ്ട് ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയനെ വൻ ഭൂരിപക്ഷത്തോടെ വിജയിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം സംഘടിപ്പിക്കണം.

**ചീഫ് ജനറൽ മാനേജരുമായി കൂടിക്കാഴ്ച:**

സർക്കിൾ സെക്രട്ടറി, പ്രസിഡന്റ്, അഖിലേന്ത്യാ ഭാരവാഹികൾ 22-6-2019 ന് ചീഫ് ജനറൽ മാനേജർ ഡോ.പി.ടി.മാത്യുവുമായി ബി.എസ്.എൻ.എൽ.ലെ വിഷയങ്ങൾ, കരാർതാഴിലാളി പ്രശ്നങ്ങൾ, കൗണ്ടറുകളുടെ പ്രവർത്തനസമയം വെട്ടിക്കുറച്ച നടപടി, കൗണ്ടറുകളിൽ നിന്നും കരാർ ജീവനക്കാരെ ഒഴിവാക്കുന്ന നടപടി തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തു. ബി.എസ്.എൻ.എൽ. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും, കരാർ തൊഴിലാളികളെ ഒഴിവാക്കണമെന്നും, 30% ചെലവ് ഇതുമായി ബന്ധപ്പെട്ട് കുറയ്ക്കണമെന്നും ആവശ്യപ്പെട്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നും നിരന്തരം നിർദ്ദേശം നൽകുകയാണെന്ന് സി.ജി.എം. അറിയിച്ചു. ജീവനക്കാരെ കുറയ്ക്കക്കാതെ തന്നെ ചിലവ് ചുരുക്കൽ നടപടി സ്വീകരിക്കണമെന്നും, തൊഴിലാളികളെ ഒഴിവാക്കുന്നത് സർവ്വീസിനെ ഗുരുതരമായി ബാധിക്കുമെന്നും പ്രധാനപ്പട്ട കൗണ്ടറുകളുടെ പ്രവർത്തനസമയം വെട്ടിക്കുറച്ച നടപടി പുനപരിശോധിക്കണമെന്നും യൂണിയൻ വീണ്ടും ആവശ്യപ്പെട്ടു. പരിശോധിക്കാമെന്ന് ഉറപ്പ് നൽകി (ഒരു ജില്ലയിൽ ഒരു കൗണ്ടറിന്റെ പ്രവർത്തനസമയം 9.30 എ.എം. മുതൽ 6.00 പി.എം.വരെ ആക്കി ഉത്തരവായിട്ടുണ്ട്).

**AUAB സർക്കിൾതല യോഗം:**

AUAB യുടെ സർക്കിൾതല യോഗം എസ്.എൻ.ഇ.എ. സർക്കിൾ സെക്രട്ടറി ശ്രീ. ടി.സന്തോഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ 24-6-2019 ന് തിരുവനന്തപുരത്ത് ചേർന്നു. കൺവീനർ സ.സി.സന്തോഷ് കുമാർ നിലവിലുള്ള സാഹചര്യങ്ങൾ വിശദീകരിച്ചു. കരാർ തൊഴിലാളികളെ വ്യാപകമായി പിരിച്ചുവിടുന്ന നടപടി സർവ്വീസിനെ ഗുരുതരമായി ബാധിക്കുമെന്നും ഇത് ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സി.ജി.എം. നോട് ആവശ്യപ്പെടണമെന്ന് യോഗം തീരുമാനിച്ചു. കേരളത്തിലും ബി.എസ്.എൻ.എൽ. നഷ്ടത്തിലായ സാഹചര്യത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും CGM നേട് ആവശ്യപ്പെടുവാനും യോഗം തീരുമാനിച്ചു.

**AUAB നേതാക്കൾ ചീഫ് ജനറൽ മാനേജരുമായി കൂടിക്കാഴ്ച നടത്തി:**

ബി.എസ്.എൻ.എൽ.ഇ.യു. സർക്കിൾ സെക്രട്ടറി സി.സന്തോഷ് കുമാർ, എസ്.എൻ.ഇ.എ. സർക്കിൾ സെക്രട്ടറി ടി.സന്തോഷ് കുമാർ, എ.ഐ.ബി.എസ്.എൻ.എൽ.ഇ.എ. സർക്കിൾ സെക്രട്ടറി വി.ഷാജി, എ.ഐ.ജി.ഇ.ടി.ഒ.എ. സർക്കിൾ സെക്രട്ടറി എസ്. സഹീർ, സേവാ ബി.എസ്.എൻ.എൽ. സർക്കിൾ സെക്രട്ടറി ബി.സുശീലൻ എന്നിവർ 25-6-2019 ന് സി.ജി.എം.ടി യെ നേരിട്ടുകണ്ട് ചർച്ചനടത്തി. കരാർ തൊഴിലാളികളെ പിരിച്ചുവിടുന്ന നടപടി ബി.എസ്.എൻ.എൽ. സർവ്വീസിനെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ പുന:പരിശോധിക്കണമെന്നും, തിരുവനന്തപുരം ജില്ലയിൽ 54 വയസ്സ് കഴിഞ്ഞ ജീവനക്കാരെ പിരിച്ചുവിടാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും AUAB നേതാക്കൾ ആവശ്യപ്പെട്ടു. കരാർ തൊഴിലാളികളുടെ എണ്ണം കുറയ്ക്കുവാൻ കോർപ്പറേറ്റ് ഓഫീസ് നിരന്തരം ആവശ്യപ്പെടുകയാണെന്നും, 54 കഴിഞ്ഞവരെ പിരിച്ചുവിടുവാൻ ഒരു നിർദ്ദേശവും SSA കൾക്ക് നൽകിയിട്ടില്ലെന്നും സി.ജി.എം. അറിയിച്ചു.

ജീവനക്കാരെ ബാധിക്കാത്ത തരത്തിൽ ചിലവ് ചുരുക്കൽ നടപടി സ്വീകരിക്കണമെന്നും ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സുകളും ഓഫീസ് കെട്ടിടങ്ങളും വാടകക്ക് നൽകി പരമാവധി വരുമാനം കണ്ടെത്തണമെന്നും AUAB ആവശ്യപ്പെട്ടു. നമ്മുടെ IQ കളിൽ നിന്നും AC പൂർണ്ണമായി ഒഴിവാക്കിയ നടപടി ശരിയല്ലെന്നും, എ.സി. ഇല്ലാതെ താമസിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളതെന്നും, വാടക ചെറിയതോതിൽ വർദ്ധിപ്പിച്ച് എ.സി. പുന:സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു. കൗണ്ടറുകളിൽ ജീവനക്കാരുടെ കുറവ് അനുഭവപ്പെടുകയാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെയും കൗണ്ടറുകളിൽ നിയമിക്കണമെന്നും AUAB ആവശ്യപ്പെട്ടു. ഉന്നയിച്ച ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് സി.ജി.എം. ഉറപ്പുനൽകി.

തുടർന്ന് AUAB PGM (ഫിനാൻസ്) നെയും നേരിട്ട് കണ്ട് ഇതേ ആവശ്യങ്ങൾ ഉന്നയിച്ചു. കരാർ തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനും, വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

**ഐ.ഡി.എ. 5.3% വർദ്ധനവ്:**

2019 ജൂലായ് 1 മുതൽ ഐ.ഡി.എ. 5.3% വർദ്ധിച്ചു. നിലവിലുള്ള ഐ.ഡി.എ. 141.4% ആണ്. ജൂലായ് 1 മുതൽ ഇത് 146.7% ആയി വർദ്ധിക്കും.

**വിപുലീകൃത കേന്ദ്ര പ്രവർത്തകസമിതി യോഗം**

പൂനെയിൽ നടക്കുന്ന കേന്ദ്ര പ്രവർത്തകസമിതിയോഗത്തിൽ പങ്കെടുക്കുന്ന ജില്ലാ സെക്രട്ടറി/പ്രതിനിധികളുടെ പേരും പൂനെയിൽ എത്തിച്ചേരുന്ന സമയവും സർക്കിൾ യൂണിയനെ അറിയിക്കണം.

**JE (TTA) പരീക്ഷ ഓഫ് ലൈനിൽ നടത്താൻ തീരുമാനിച്ചു:**

യൂണിയൻ നടത്തിയ നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി ജെ.ഇ. പരീകഷ ഓൺലൈനു പകരം ഓഫ ലൈനിൽ നടത്തുവാൻ തീരുമാനമായി. പരീക്ഷാ തീയതി നോട്ടിഫൈ ചെയ്തിട്ടില്ല. കേരളത്തിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം 588 ആണ്.

| OC | SC | ST | Total |
|---|---|---|---|
| 446 | 93 | 49 | 588 |

**റഫറണ്ടം:**

എട്ടാമത് റഫറണ്ടത്തിന്റെ സുഗമമായ നടത്തിപ്പിനായി എല്ലാ ജില്ലകളും അസി: റിട്ടേണിംഗ് ഓഫീസർമാരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. (No.SR/8th MV/ KLT/2019/7 dt.25-6-2019). ഓരോ ജില്ലയിലെയും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരുടെ പേരും, ഡസിഗ്നേഷനും സർക്കിൾ യൂണിയനെ അറിയിക്കണം.

അഭിവാദനങ്ങളോടെ,

**സി.സന്തോഷ്കുമാർ,**

സർക്കിൾ സെക്രട്ടറി.